ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 02.06.2024

പ്രധാന വാർത്തകൾ

TIME :12.50 PM

1. അരുണാചൽ പ്രദേശ്, സിക്കിം നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. അരുണാചലിൽ ബി ജെ പി 45 സീറ്റിലും സിക്കിമിൽ എസ് കെ എം 31 സീറ്റുകളിലും ലീഡ് ചെയ്യുന്നു.

   **Counting of Arunachal Pradesh and Sikkim assembly elections is in progress. In Arunachal, BJP is leading in 45 seats and in Sikkim, SKM is leading in 31 seats.**

2. അവസാനഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ 62.36 ശതമാനം പോളിംഗ്; വോട്ടെണ്ണൽ മറ്റന്നാൾ.

   **62.36 percent polling in the last phase of Lok Sabha elections; The counting of votes is the next day**

3. രാജ്യത്ത് ചരക്കുസേവന നികുതി വരുമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ പത്തു ശതമാനം വർദ്ധന.

   **Ten percent increase in goods and services tax revenue in the country over last year**

4. കേരളത്തിൽഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.അസമിൽ പ്രളയ കെടുതികൾ രൂക്ഷം.

**Central Meteorological Department said heavy rain is likely in Kerala today. Flood damage is severe in Assam**

## 5. ഐസിസി പുരുഷ ടി 20 ലോകകപ്പിന്റെ ഉദ്ഘാടന മത്സരത്തിൽ കാനഡയ്ക്കെതിരെ അമേരിക്കയ്ക്ക് ജയം.

**USA beat Canada in ICC Men's T20 World Cup opener**

&&&&&&&&&&&&&&&&&&&

**SEVENTH PHASE POLLING**

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പ് പൂർത്തിയായി. ഇന്നലെ പൂർത്തിയായ അവസാനഘട്ടത്തിൽ 62.36 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏഴ് സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തിലുമുൾപ്പെടെ 57 ലോക്സഭാ മണ്ഡലങ്ങളിലേക്കാണ് ഏഴാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടന്നത്.

ഉത്തർപ്രദേശിലെയും പഞ്ചാബിലെയും 13 സീറ്റുകൾ , പശ്ചിമ ബംഗാളിൽ ഒമ്പത്, ബീഹാറിൽ എട്ട്, ഒഡീഷയിൽ ആറ്, ഹിമാചൽ പ്രദേശിൽ നാല്, ജാർഖണ്ഡിലെ മൂന്ന്, ചണ്ഡീഗഢിലെ ഒരു മണ്ഡലത്തിലുമാണ് തെരഞ്ഞെടുപ്പ് നടന്നത്. ബീഹാർ 51.92 ശതമാനം, ചണ്ഡീഗഢ് 67.90 ശതമാനം, ഹിമാചൽ പ്രദേശ് 70.05 ശതമാനം , ജാർഖണ്ഡ് 70.66 ശതമാനം, പഞ്ചാബ് 61.32 ശതമാനം, ഉത്തർപ്രദേശ് 55.59 ശതമാനം പശ്ചിമ ബംഗാൾ 73.79 ശതമാനം ഒഡീഷയിൽ 70.67 ശതമാനം എന്നിങ്ങനെ പോളിംഗ് രേഖപ്പെടുത്തി. ആന്ധ്രാപ്രദേശ്, ഒഡീഷ, സിക്കിം, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കുള്ള വോട്ടെടുപ്പും ഇതോടൊപ്പം നടന്നു.

&&&&&&&&&&&&&&&&&&&

**PM- ECI**

സ്വതന്ത്രവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് മാതൃകാപരമായ നടപടികൾ സ്വീകരിച്ച തിരഞ്ഞെടുപ്പ് കമ്മീഷനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ജനാധിപത്യ മൂല്യങ്ങളിൽ

വിശ്വസിക്കുന്ന ഓരോ വ്യക്തിയ്ക്കും പ്രചോദനമാണ് രാജ്യത്തിന്റെ തിരഞ്ഞെടുപ്പ് പ്രക്രിയയെന്ന് അദ്ദേഹം പറഞ്ഞു. സമാധാനപരമായ വോട്ടെടുപ്പ് ഉറപ്പാക്കാൻ അചഞ്ചലമായ ജാഗ്രത പുലർത്തിയതിന് രാജ്യത്തെ സുരക്ഷാ സേനകൾക്കും പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## HEADLINE-1

### SIKKIM AND ARUNACHAL COUNTING

അരുണാചൽ പ്രദേശ്, സിക്കിം നിയമസഭ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. അരുണാചലിൽ ബി ജെ പി 45 സീറ്റിലും നാഷണൽ പീപ്പിൾസ് പാർട്ടി 5 സീറ്റുകളിലും ലീഡ് ചെയ്യുന്നു. പീപ്പിൾസ് പാർട്ടി ഓഫ് അരുണാചൽ പ്രദേശ് 2 സീറ്റിലും മുന്നിലാണ്. സ്വതന്ത്രർ 3 സീറ്റിൽ ലീഡ് ചെയ്യുന്നു. 60 അംഗ നിയമസഭയിൽ ബി ജെ പി 10 സീറ്റിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അവശേഷിക്കുന്ന 50 മണ്ഡലങ്ങളിലെ വോട്ടെണ്ണലാണ് ഇന്ന് നടക്കുന്നത്. സിക്കിമിൽ 32 നിയമസഭ സീറ്റുകളിലേക്ക് 146 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. Sikkim Krantikari Morcha 31 സീറ്റിലും Sikkim Democratic Front 1 ഇടങ്ങളിലും മുന്നിലാണ്. അരുണാചൽ പ്രദേശ്, സിക്കിം നിയമസഭകളുടെ കാലാവധി ഇന്ന് അവസാനിക്കും.

ഏപ്രിൽ 19 നാണ് ഇവിടങ്ങളിൽ ലോക്സഭാ തിരഞ്ഞെടുപ്പിനോപ്പം നിയമസഭയിലേക്കുള്ള വോട്ടെടുപ്പും നടന്നത്.

&&&&&&&&&&&&&&&&&&

## HEADLINE-2

### COUNTING – LOKSABHA

ലോക്സഭാ തെരഞ്ഞെടുപ്പിന്റെയും ആന്ധ്രാപ്രദേശ്, ഒഡീഷ സംസ്ഥാന നിയമസഭകളുടെയും നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പുകളുടെയും വോട്ടെണ്ണൽ മറ്റന്നാൾ രാവിലെ 8 മണിയ്ക്ക് ആരംഭിക്കും. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, ഡോ. സുഖ്ബീർ സിംഗ് സന്ധു എന്നിവർ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുമായും

റിട്ടേണിംഗ് ഓഫീസർമാരുമായും വോട്ടെണ്ണലിനുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്യു. പൊതു തിരഞ്ഞെടുപ്പ് വിജയമാക്കിയ എല്ലാവർക്കും തിരഞ്ഞെടുപ്പ് കമ്മീഷൻ നന്ദി അറിയിച്ചു.

&&&&&&&&&&&&&&&&&&

**CEO KERALA**

തിരഞ്ഞെടുപ്പ് ഫലം അറിയാൻ കേരളത്തിൽ ഏകീകൃത സംവിധാനം സജ്ജമാക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ. കമ്മീഷൻറെ വെബ്സൈറ്റിലും വോട്ടർ ഹെൽപ് ലൈൻ ആപ്പിലും പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും തത്സമയം ഫലം അറിയാനാവും. results.eci.gov.in വഴിയാണ് ഫലം ലഭ്യമാവുക.

&&&&&&&&&&&&&&&&&&

**ECI- CENTRAL FORCES**

വോട്ടെണ്ണലിന് ശേഷം അക്രമ സംഭവങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ഇടങ്ങളിൽ സുരക്ഷയ്ക്കായി തിരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര സേനയെ നിയോഗിച്ചു .
സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര നിരീക്ഷകരുടെയും വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് നടപടി . വോട്ടെണ്ണലിന് ശേഷം 15 ദിവസം വരെ ആന്ധ്രാപ്രദേശിലും പശ്ചിമ ബംഗാളിലും സുരക്ഷാ സേനയുടെ സേവനം ഉണ്ടാകും.

&&&&&&&&&&&&&&&&&&

**HEADLINE-3**

**GST**

രാജ്യത്ത് ചരക്കുസേവന നികുതി വരുമാനത്തിൽ വർദ്ധന. മേയ് മാസത്തിൽ ഒരു ലക്ഷത്തി 72,739 കോടി രൂപയാണ് വരുമാനം. മുൻവർഷം ഇതേകാലത്തെ അപേക്ഷിച്ച് പത്തു ശതമാനം വളർച്ച രേഖപ്പെടുത്തി. 2023 മേയിൽ ഒരു ലക്ഷത്തി 57,090 കോടി രൂപയായിരുന്നു ലഭിച്ചത്. കേന്ദ്ര ജി എസ് ടിയിൽ 32,409 കോടി രൂപയും സംസ്ഥാന ജി എസ് ടി ഇനത്തിൽ 40,265 കോടി രൂപയും ലഭിച്ചു. 87,781 കോടി രൂപയാണ് സംയോജിത ജി എസ്

ടി. 12,284 കോടി സെസായും പിരിഞ്ഞുകിട്ടി. മെയ് മാസത്തിൽ കേരളത്തിൽ ജി എസ് ടി വരുമാനമായി 2,594 കോടി രൂപ ലഭിച്ചു. 2023 മെയിലെ 2,297 കോടി രൂപയേക്കാൾ 13 ശതമാനമാണ് വർധന.

&&&&&&&&&&&&&&&&&&

**PM- TELANGANA STATEHOOD**

തെലങ്കാന സംസ്ഥാന രൂപീകരണ ദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യ പുരോഗതിക്ക് തെലങ്കാന നൽകിയ സംഭാവനകൾ ഓരോ പൗരനും അഭിമാനകരമാണെന്ന് സമൂഹമാധ്യമ പോസ്റ്റിൽ അദ്ദേഹം പറഞ്ഞു. തെലങ്കാനയുടെ പുരോഗതിക്കായി നിരന്തരം പ്രവർത്തിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**KEJRIWAL**

ഡൽഹി മദ്യനയക്കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് അനുവദിച്ച ജാമ്യ കാലാവധി ഇന്ന് കഴിയും. ഉച്ചയ്ക്ക് ശേഷം അദ്ദേഹം തിരികെ ജയിലിൽ ഹാജരാകും.

&&&&&&&&&&&&&&&&&&

**INDIA CUBA ASSISTANCE**

ഇന്ത്യ ക്യൂബയിൽ എത്തിക്കുന്ന അവശ്യമരുന്നുകളുടെ നിർമ്മാണ ചേരുവകൾ വഹിച്ച കപ്പൽ ഗുജറാത്തിലെ മുന്ദ്ര തുറമുഖത്ത് നിന്ന് യാത്ര തിരിച്ചു. 90 ടൺ മരുന്നു ചേരുവകളുമായാണ് ദൗത്യസംഘം യാത്ര തിരിച്ചതെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്‌സ്വാൾ പറഞ്ഞു. പ്രധാന ഔഷധ നിർമ്മാതാക്കൾ എന്ന നിലയിൽ ഇന്ത്യയുടെ പങ്കിനെ സൂചിപ്പിക്കുന്ന ഈ സഹായം, ഇന്ത്യ-ക്യൂബ ബന്ധത്തിൽ ഇന്ത്യയുടെ പ്രതിബദ്ധത തെളിയിക്കുന്നതായും ശ്രീ ജയ്‌സ്വാൾ പറഞ്ഞു.

&&&&&&&&&&&&&&&&&&

**HEADLINE-5**

**RESULT- T20 WORLD CUP-US-CAN (INTRO)**

*ഐസിസി പുരുഷ ടി 20 ലോകകപ്പിന്റെ ഒമ്പതാം പതിപ്പിന് അമേരിക്കയിൽ ആവേശകരമായ തുടക്കം. ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ അമേരിക്ക കാനഡയ്ക്കെതിരെ ആധികാരിക വിജയം നേടി.*

*വിശദാംശങ്ങളിലേക്ക്..*

*(VO)*

*ഡാലസിലെ ഗ്രാന്റ് പ്രെയറി സ്റ്റേഡിയത്തിൽ നടന്ന ലോകകപ്പിലെ ആദ്യ മത്സരത്തിൽ ആതിഥേയരായ അമേരിക്ക ഏഴ് വിക്കറ്റിനാണ് കാനഡയെ തോൽപ്പിച്ചത്. ആദ്യം ബാറ്റ് ചെയ്ത കാനഡ ഉയർത്തിയ 195 റൺസ് എന്ന വിജയലക്ഷ്യം യു എസ് 17.4 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. 40 പന്തിൽ 94 റൺസുമായി പുറത്താകാതെ നിന്ന യു എസിന്റെ ആരോൺ ജോൺസ് ആണ് കളിയിലെ കേമൻ. രണ്ടാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് പാപുവ ന്യൂ ഗിനിയെ നേരിടും. ഇന്ന് ഇന്ത്യൻ സമയം രാത്രി 8 മണിക്ക് ഗയാനയിലെ പ്രൊവിഡൻസ് സ്റ്റേഡിയത്തിലാണ് മത്സരം.*

*അമേരിക്കയിലും വെസ്റ്റ് ഇൻഡീസിലുമായിട്ടാണ് ലോകകപ്പ് നടക്കുന്നത്. ഐ സി സിയുടെ റാങ്കിംഗിൽ ആദ്യ പത്തിലുള്ള ടീമുകളും യോഗ്യതാ റൗണ്ട് കളിച്ചെത്തിയ ടീമുകളും ഉൾപ്പെടെ ഇരുപത് ടീമുകളാണ് ഇത്തവണ ക്രിക്കറ്റിന്റെ കുഞ്ഞൻ പതിപ്പിൽ മത്സരിക്കുന്നത്. കിരീട സാധ്യതയിൽ മുൻപിലുള്ള ഇന്ത്യയും ഇംഗ്ലണ്ടും ഓസ്ട്രേലിയയും ഉൾപ്പെടെയുള്ള വമ്പൻ ടീമുകളുമായി മാറ്റുരയ്ക്കാനുള്ള അവസരം കൂടിയാണ് ചെറിയ ടീമുകൾക്ക് സാധ്യമാകുന്നത്. ഇന്നലെ സന്നാഹ മത്സരത്തിൽ ബംഗ്ലാദേശിനെ 60 റൺസിന് തോൽപ്പിച്ച ഇന്ത്യ ആത്മവിശ്വാസത്തിലാണ്. ബുധനാഴ്ച അയർലാൻഡിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&&&

**HEADLINE-4**

## Rain kerala

കേരളത്തിൽ ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ മഴ പെയ്യാനുള്ള സാധ്യത കണക്കിലെടുത്ത് മലയോര മേഖലകളിലടക്കം ജാഗ്രത പാലിക്കണം. കേരളാ തീരത്ത് ഉയർന്ന തിരമാലകൾക്കും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

## ASAM-FLOOD

അസമിൽ, പ്രളയ കെടുതികൾ രൂക്ഷം. 10 ജില്ലകളിലായി ആറ് ലക്ഷത്തിലധികം പേരെയാണ് വെള്ളപ്പൊക്ക ദുരിതം ബാധിച്ചത് . കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ മൂന്ന് പേർ കൂടി മരിച്ചതോടെ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 11 ആയി. 4,800 ഹെക്ടറിലധികം പ്രദേശത്തു വിളനാശവും സംഭവിച്ചിട്ടുണ്ട് . പ്രളയബാധിത ജില്ലകളിൽ സംസ്ഥാന സർക്കാർ 187 ദുരിതാശ്വാസ ക്യാമ്പുകളും 96 ദുരിതാശ്വാസ വിതരണ കേന്ദ്രങ്ങളും തുറന്നു . ട്രാക്കിലെ വെള്ളക്കെട്ട് മൂലം വടക്ക് കിഴക്കൻ റെയിൽവേ ഇത് വഴിയുള്ള ട്രെയിൻ സർവീസ് റദ്ദാക്കി . ബ്രഹ്മപുത്ര നദിയിലെ ജലനിരപ്പ് ഉയരുന്നതിനാൽ തേജ്പൂർ, ഗുവാഹത്തി, ഗോൾപാറ എന്നിവിടങ്ങൾ പ്രളയ ഭീഷണിയിലാണ്.

അതേസമയം രാജ്യത്തിന്റെ വടക്ക്-പടിഞ്ഞാറൻ മേഖലയിൽ ഉഷ്ണ തരംഗം തുടരുന്നു. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, ഉത്തർപ്രദേശ്, ബിഹാർ ഛത്തീസ്ഗഡ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ കടുത്ത ഉഷ്ണ തരംഗം അനുഭവപ്പെടുകയാണ്.

&&&&&&&&&&&&&&&&&&

## SCHOOL OPENING KERALA

കേരളത്തിൽ സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ എറണാകുളം എളമക്കര ഗവ. ഹയർ സെക്കൻററി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും. മൂന്നു ലക്ഷത്തോളം കുട്ടികൾ ഒന്നാം ക്ലാസിൽ എത്തുമെന്നാണ് പ്രതീക്ഷ.

&&&&&&&&&&&&&&&&&&

**PUNJAB–ACCIDENT**

പഞ്ചാബിലെ ഫത്തേഗഢ് സാഹിബ് ജില്ലയിൽ സിർഹിന്ദ് റെയിൽ സ്റ്റേഷന് സമീപം രണ്ട് ചരക്ക് തീവണ്ടികൾ കൂട്ടിയിടിച്ച് അപകടം. ഡ്രൈവർമാർക്ക് ഗുരുതര പരിക്കേറ്റു. സ്റ്റേഷന് സമീപം ട്രാക്കിൽ നിർത്തിയിട്ടിരുന്ന ചരക്ക് തീവണ്ടിയിൽ മറ്റൊരു ട്രെയിൻ വന്ന് ഇടിക്കുകയായിരുന്നു. അപകടത്തിന്റെ ആഘാതത്തിൽ ട്രെയിനിന്റെ എഞ്ചിൻ ഭാഗം അടുത്ത ട്രാക്കിലേക്ക് മറിഞ്ഞു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&